# പാഠം 18

ഇപ്പോൾ അറബിയിലെ എല്ലാ അക്ഷരങ്ങളും നാം പഠിച്ചു. 28 അക്ഷരങ്ങളാണ് അറബിഭാഷ യിലുള്ളത്. അവ ഒരിക്കൽ കൂടി ഇവിടെ സൂചിപ്പിക്കുന്നു.

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ضَ | صَ | شَ | سَ | زَ | رَ | ذَ | دَ | خَ | حَ | جَ | ثَ | تَ | بَ | أَ |
| ദ്വ | സ്വ | ശ | സ | സ | റ | ദ | ദ | ഖ | ഹെ | ജ | ഥ | ത | ബ | അ |
| | ة | يَ | وَ | هَ | نَ | مَ | لَ | كَ | قَ | فَ | غَ | عَ | ظَ | طَ |
| | ത | യ | വ | ഹ | ന | മ | ല | ക | ഖ | ഫ | ഗ | അ | ള | ത്വ |

ചില അക്ഷരങ്ങളുടെ താഴെ വരയിട്ടതു കാണാം. അവയുടെ ഉച്ചാരണവുമായി ബന്ധപ്പെ ട്ട ചില കാര്യങ്ങൾ താഴെ സൂചിപ്പിക്കുന്നു.

| | |
|---|---|
| ثَ | ഥ: മലയാളത്തിലെ ഥയല്ല ഇത്. നാവിന്റെ അഗ്രം മേൽ വരി പല്ലിന്റെ താഴെ തൊട്ടു തൊട്ടില്ല എന്ന രീതിയിൽ വെച്ച് അൽപം അമർത്തി ഉച്ചരിക്കുക. |
| خَ | മലയാളത്തിൽ മുഖം എന്ന് പറയുന്ന രീതിയിലല്ല, തൊണ്ടയിൽനിന്ന് കാർക്കിച്ചെടുക്കുന്ന രീതിലാണ് ഈ അക്ഷരം ഉച്ചരിക്കേണ്ടത്. |
| ذَ | ഥ: മലയാളത്തിലെ ഥയല്ല ഇത്. നാവിന്റെ അഗ്രം മേൽ വരി പല്ലിന്റെ താഴെ തൊട്ടു തൊട്ടില്ല എന്ന രീതിയിൽ വെച്ച് മൃതുവായി ദ എന്ന് ഉച്ചരിക്കുക. |
| زَ | ഇംഗ്ലീഷിൽ Z ഉച്ചരിക്കുന്നതുപോലെ |
| عَ | തൊണ്ടയുടെ അങ്ങേ അറ്റത്തുനിന്നുമാണിത് ഉച്ചരിക്കേണ്ടത്. |
| غَ | അണ്ണാക്കും തൊണ്ടയും അൽപം സ്പർശിച്ചു കൊണ്ടുവേണം ഇത്. ഉച്ചരിക്കുവാൻ |
| ظَ | നാവിന്റെ അഗ്രം രണ്ടു വരി പല്ലുകൾക്കുമിടയിൽ വെച്ചു ഉച്ചരിക്കുക. |
| ضَ | നാവ് മേലെ അണ്ണാക്കിലേക്ക് ചേർത്തുവെച്ചാണ് ഇതിന്റെ ഉച്ചാരണരീതി. |
| قَ | കാർക്കിച്ചെടുക്കുന്ന അതെ സ്ഥാനത്തുനിന്ന് ക എന്ന് ഉച്ചരിക്കുക. |
| ة | ഇത് ഒരക്ഷരമായി എണ്ണാറില്ല. എന്നാൽ സ്ത്രീലിംഗത്തെ സൂചിപ്പിക്കാൻ ഇത് ആവശ്യമാണ്. വാക്കുകളുടെ അവസാനത്തിൽ വരുന്ന ഇത് ഉച്ചരിക്കപ്പെടുകയില്ല. വിസർഗരീതിയിൽ നിർത്തുകയാ ണ് ചെയ്യുക. |

കൂടുതൽ മുന്നോട്ടു പോകുന്നതിനു മുമ്പ് രണ്ടാമത്തെ പാഠം ഇവിടെ ഒന്നും കൂടി ഓർക്കുക. അക്ഷരങ്ങളെ അകാരാതി ഇകാരാതി ഉകാരാതികളിൽ എഴുതുകയാണത്. അവയെ അവഗ ണിച്ചു ഭാഷ പഠിക്കാനാകില്ല. അവ ഒന്നും കൂടി ഓർക്കുക. ഏതാനും മാതൃക ഇവിടെയുണ്ട്. ബാക്കിയുള്ള അക്ഷര ങ്ങൾ സ്വയമായി എഴുതി ശീലിക്കുക.

| അ്കാരം | ഉകാരം | ഇകാരം | അകാരം |
|---|---|---|---|
| അ് أْ | ഉ أُ | ഇ إِ | അ أَ |
| ബ് بْ | ബു بُ | ബി بِ | ബ بَ |
| ബ് تْ | ബു تُ | ബി تِ | ബ تَ |
| ഖ് خْ | ഖു خُ | ഖി خِ | ഖ خَ |
| റ് رْ | റു رُ | റി رِ | റ رَ |

| | | | |
|---|---|---|---|
| ضْ ദ് | ضُ ദു | ضِ ദി | ضَ ദ |

അക്ഷരങ്ങളെ ആ ഈ ഊ എന്നിങ്ങനെ ദീർഘമാക്കുന്ന രീതി നാം അഞ്ചാം പാഠത്തിൽ പഠിച്ചു. ഏതാനും മാതൃക ഇവിടെ എഴുതുന്നു. ബാക്കിയുള്ളവ നിങ്ങൾ പൂർത്തിയാക്കുക.

| | ഊകാരം | ഈകാരം | ആകാരം |
|---|---|---|---|
| ബ | بُ و = بُــو | بِ ي – بِـي | بَ ا = بَا |
| | ബൂ | ബീ | ബാ |
| ത | تُ و = تُــو | تِ ي = تِـي | تَ ا = تَا |
| | തൂ | തീ | താ |
| ഥ | ثُ و = ثُـو | ث ي = ثِـي | ثَ ا = ثَا |
| | ഥൂ | ഥീ | ഥാ |
| ജ | جُ و = جُــو | جِ ي = جِـي | جَ ا = جَا |
| | ജൂ | ജീ | ജാ |
| ഹ | حُ و = حـو | حِ ي = حِـي | حَ ا = حَا |
| | ഹൂ | ഹീ | ഹാ |
| സ | سُ و = سُـو | سِ ي = سـي | سَ ا = سَا |
| | സൂ | സീ | സാ |

ഈ രീതിയിൽ ബാക്കിയുള്ള അക്ഷരങ്ങളും പൂർത്തിയാക്കുക.